ബസ്സ് ഇൻഷ്വറൻസ്

*ക്വ. ൫. (ക്വ. ൭) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ട്രാൻസ്പോർട്ട് ബസ്സുകൾ എല്ലാം സ്റ്റേറ്റ് ഇൻഷ്വറൻസിൽ ഇൻഷ്വർ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല. എന്നാൽ ഡിപ്പാർട്ടുമെന്റുവക ബസ്സുകളെല്ലാം ഇൻഷ്വർ ചെയ്യുന്നപക്ഷം വലിയ ഒരു തുക അടക്കേണ്ടിവരുന്നതാണ്. ആ തുക ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിലേക്ക് കൊടുക്കുവാൻ ഉത്തരവായിട്ടുണ്ട്.

മുനിസിപ്പാലിറ്റി

*ക്വ. ന്യ. (ക്വ. ൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുനിസിപ്പാലിറ്റികളിലെ കിഴ്ജീവനക്കാർക്ക് ഇപ്പോൾ കൊടുത്തുവരുന്ന ഏറ്റവും കുറഞ്ഞ ശമ്പളനിരക്കെന്താണ്;

(ബി) ആ നിരക്ക് വർദ്ധിപ്പിക്കുന്നതിന് എതെല്ലാം മുനിസിപ്പാലിറ്റികളിൽനിന്നും അനുവാദത്തിനപേക്ഷിച്ചിട്ടുണ്ട്;

(സി) ആ അപേക്ഷകളിൽ ഏതെല്ലാം മുനിസിപ്പാലിറ്റികളുടേതു തീരുമാനിക്കപ്പെട്ടിട്ടുണ്ട്;

(ഡി) തീരുമാനിക്കപ്പെടാത്ത അപേക്ഷകൾ എത്ര കാലമായി അങ്ങനെ കിടക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ELECTIONS TO THE PANCHAYATS

*137. [18] **Sri. E. P. Poulose:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether Government are taking any steps for conducting elections to the Panchayats constituted under the Panchayat Act; and

(*b*) when does the Government hope to conduct the elections?

Chief Minister **(Sri. C. Kesavan):**

(*a*) Steps are being taken to conduct elections to the Panchayats.

(*b*) In about four months' time.

Sri. D. Gnanasigamoni: May I know whether Government have passed final orders on the delimitation of constituencies?

Sri. C. Kesavan: It has been published for public opinion and has not been finalised. It will be very soon finalised. And then steps will be taken for the election.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതുവരെ എടുത്തിട്ടുള്ള നടപടികൾ എന്താണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: പഞ്ചായത്തു ഡിലിമിറ്റേഷൻ കഴിഞ്ഞു. അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനനിരൂപണത്തിനായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ നിരൂപണത്തിന്റെ വെളിച്ചത്തിൽ അവസാനമായി ഗവൺമെന്റു

LIBRARY ARCHIVES Kerala Legislative Assembly